മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 19

# വാർത്താക്കുറിപ്പ്

---

## പരിശീലനം 22 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൻറെയും കോളേജ് ഡവലപ്പ്മെൻറ് കൗൺസിലിൻറെയും സംയുക്താഭിമുഖ്യത്തിലുള്ള 'ഗവേഷണത്തിൻറെ രീതിശാസ്ത്രത്തെയും അനുബന്ധ സ്ഥിതിവിവരക്കണക്കുക'ളെയും കുറിച്ചുള്ള ഒരാഴ്ച്ചത്തെ വെർച്വൽ പരിശീലന പരിപാടി ജൂൺ 22ന് രാവിലെ 10ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. അക്കാദമിക് - ഗവേഷണ മേഖലകളിലെ ഫാക്കൽറ്റി അംഗങ്ങൾക്കു വേണ്ടി വെർച്വലായി സംഘടിപ്പിച്ചിട്ടുള്ള പരിശീലന പരിപാടിയിൽ ഗവേഷണവുമായി ബന്ധപ്പെട്ട് വിവിധ രംഗങ്ങളിൽ നിന്നുള്ള വിദഗ്ധർ ക്ലാസ്സുകൾ നയിക്കും. സർവ്വകലാശാലകൾ, സർക്കാർ - എയ്ഡഡ് കോളജുകൾ വിവിധ ഗവേഷണ - പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന ഫാക്കൽറ്റി അംഗങ്ങൾക്ക് പരിശീലനത്തിൽ പങ്കെടുക്കാം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9895474642, 9526719084 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം. covenerfdpsbsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ഇതു സംബന്ധിച്ച വിവരം ലഭിക്കും.

( പി.ആർ.ഒ./39/758/2022)

പി. സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ